# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 177 07/12/2015 ൽ മറുപടിക്ക്

**പി.എസ്.സി. റാങ്കുലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണം**

**ചോദ്യം :**
**ശ്രീ. കെ. അച്ചുതൻ**
**ശ്രീ. വർക്കല കഹാർ**
**ശ്രീ. സി. പി. മുഹമ്മദ്**
**ശ്രീ. സണ്ണി ജോസഫ്**

**ഉത്തരം :**
**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ) കെ.പി.എസ്. സി. റാങ്കു ലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(എ) യും (ബി) യും. ഉണ്ട്. ഒരു തസ്തികയുടെ റാങ്ക് പട്ടിക കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക, പരീക്ഷാ നടത്തിപ്പിന്റെ വേഗത, കാര്യക്ഷമത, കൃത്യത എന്നിവ വർദ്ധിപ്പിക്കുക, എല്ലാ തസ്തികകളിലും സമയബന്ധിതമായി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത കാരണത്താൽ ജീവനക്കാരുടെ അഭാവം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുക. എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാണുദ്ദേശിക്കുന്നത്. ഡോക്ടർമാർ, എൽ.ഡി.സി, എൽ.ജി.എസ്. അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്, പി.എസ്.സി,..... etc) പോലീസ് വകുപ്പിലെ വിവിധ തസ്തികകൾ എന്നിവയുടെ റാങ്ക് പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. അതുപോലെ യൂണിഫോംഡ് ഫോഴ്സിലെ വിവിധ തസ്തികകൾക്ക് വാർഷിക നിയമനം സാധ്യമായിട്ടുണ്ട്.

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(സി) തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി One time Registration, One time Verification എന്നീ പദ്ധതികൾ പി.എസ്.സി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. ഇതുകൂടാതെ പരീക്ഷാ നടത്തിപ്പിന്റെ വേഗത, കാര്യക്ഷമത, കൃത്യത എന്നിവ വർദ്ധിപ്പിക്കുന്നതിനായി ഓൺലൈൻ പരീക്ഷ ആരംഭിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിൽ പി.എസ്.സി. സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ഓൺലൈൻ പരീക്ഷാകേന്ദ്ര നിർമ്മാണം പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ